## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2108 | 18.03.2015 ൽ മറുപടിയ്ക്ക്

### സൗരോർജ്ജ വികസനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ)സൗരോർജ്ജ വികസനത്തിന് വൈദ്യുതി ബോർഡും അനെർട്ടും ചേർന്ന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) വൈദ്യുതി ബോർഡിന്റെ സൺഷിഫ്റ്റ് പദ്ധതി പ്രകാരം പ്രത്യേകമായി രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ടിന്റെ സഹായം തേടിയിട്ടുണ്ട്. കെ.എസ്.ഇ.ബി എംപാനൽ ചെയ്ത സ്ഥാപനം വഴി സോളാർ ഇൻവെർട്ടറുകൾ സ്ഥാപിച്ച ശേഷം ആദ്യം ലഭിക്കുന്ന 2750 അപേക്ഷകർക്ക് അനെർട്ട് വഴി 5,000/- രൂപ സബ്സിഡി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി)സൗരോർജ്ജ വികസനത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ വിശദാംശം നൽകുമോ? | (ഡി) പതിനായിരം സൗരഗൃഹ പദ്ധതിയ്ക്ക് കേന്ദ്ര ധനസഹായമായി ഒരു കിലോവാട്ട് പ്ലാന്റിന് 53,262/- രൂപയും സോളാർ ഗ്രിഡ് കണക്റ്റ് പദ്ധതിയിൻ കീഴിൽ ഒരു കിലോവാട്ടിന് പരമാവധി 24,000/- രൂപയും കേന്ദ്ര ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മേൽക്കൂരയിൽ സ്ഥാപിക്കുന്ന 1.536 mWp ഗ്രിഡ് കണക്റ്റഡ് സോളാർ പ്രോജക്ടുകൾക്കായി 1.8432 കോടി രൂപയുടേയും Canal- കളുടെ മുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 9 കോടി രൂപയുടേയും സാമ്പത്തിക സഹായത്തിനായി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ